# മടവൂർ വിഭാഗം സലഫികളോ...?!

**ഭാഗം – 6**

## അല്ലാഹുവിന്റെ സ്വിഫാത്തുകളെ തള്ളുന്നവർ

അബ്ദുൽമാലിക് മൊറയൂർ

സലഫുസ്സ്വാലിഹുകളുടെ സൽപാന്ഥാവിൽനിന്ന് മടവൂർ വിഭാഗം എത്ര ദൂരം പോയിരിക്കുന്നു എന്നതിന് നിരവധി ഉദാഹരണങ്ങൾ നാം കണ്ടുകഴിഞ്ഞു. സ്വിറാത്തും മീസാനും സ്വർഗ–നരകങ്ങളുടെ സൃഷ്ടിപ്പുമെല്ലാം മടവൂരി മതക്കാർക്ക് അന്യമാണെന്ന വസ്തുക തെളിവു സഹിതം പുറത്തുവിട്ടിട്ടും അതിനെ ഖണ്ഡിക്കാൻ അവർക്ക് ഇതുവരെ സാധിച്ചിട്ടില്ല. അല്ലാഹുവിന്റെ നാമ വിശേഷണങ്ങളുടെ തൗഹീദിൽ (തൗഹീദിൽ അസ്മാഉ വസ്സിഫാത്ത്) മടവൂരി മതം എന്നത് ശുദ്ധ ജഹ്മിയ്യത്തും മുജസ്സിമിയ്യത്തും മുഅ്തസിലത്തുമാണെന്ന് നാം മുമ്പ് തെളിവുകൾ സഹിതം വിസ്തരിച്ചത് വായനക്കാർ ഓർക്കുന്നുണ്ടാകും. അസ്മാഉ വസ്സിഫാത്തിന്റെ വിഷയത്തിൽ സലഫുസ്സ്വാലിഹുകളുടെ നിലപാട് എന്തായിരുന്നു എന്നും നാം വിവിരിക്കുകയുണ്ടായി. പക്ഷെ ഇവർക്കുണ്ടോ അതൊക്കെ തലയിൽകയറുന്നു?! അവർ ദിനേനയെന്നോണം തങ്ങളുടെ കുഫ്രിയ്യത്തിന് എങ്ങനെ ആഴം കൂട്ടാം എന്ന ഗവേഷണത്തിലാണ്. അല്ലാഹുവിന്റെ സിഫാത്തുകളെ നിഷേധിക്കാൻ ഒരു മടിയും പേടിയും ഇവർക്കിപ്പോൾ ഇല്ലാതായിരിക്കുന്നു. അല്ലാഹുവിന്റെ സിഫാത്തുകളെ പച്ചയായി നിഷേധിച്ച് ഏത് തൗഹീദാണ് മടവൂർ വിഭാഗം കേരള മണ്ണിൽ വിളമ്പാൻ പോകുന്നത്?

അല്ലാഹുവിന്റെ വിശേഷണമായ നുസൂലു (ഇറക്കം) മായി ബന്ധപ്പെട്ട് നബി (ﷺ) പഠിപ്പിച്ച ഒരു ഹദീസ് കാണുക. അവിടുന്ന് പറഞ്ഞു: ''നമ്മുടെ രക്ഷിതാവായ അല്ലാഹു എല്ലാദിവസവും രാത്രിയുടെ അന്ത്യയാമത്തിൽ നമ്മോടടുത്ത ആകാശത്തിലേക്ക് ഇറങ്ങിവരികയും ഇങ്ങനെ പറയുകയും ചെയ്യും; ആരെങ്കിലും എന്നോട് പ്രാർത്ഥിക്കുന്നുണ്ടോ, അപ്പോൾ ഞാൻ അവന് ഉത്തരം നൽകും. ആരെങ്കിലും എന്നോട് ചോദിക്കുന്നുണ്ടോ, ഞാൻ ആവന് നൽകും. ആരെങ്കിലും എന്നോട് പാപമോചനത്തിന് അർത്ഥിക്കുന്നുണ്ടോ, ഞാൻ അവന് പൊറുത്തുകൊടുക്കും.''

ഈ ഹദീസ് ഒരു പ്രാവശ്യമെങ്കിലും കേൾക്കാത്ത മുസ്ലിം കുറവായിരിക്കും. ഏതാണ്ട് എല്ലാ മുഹദ്ദിസുകളും അവരുടെ ഗ്രന്ഥങ്ങളിൽ ഈ ഹദീസ് വ്യത്യസ്ഥ സനദോടുകൂടി നിവേദനം ചെയ്തിട്ടുണ്ട്. അതിൽ 14 ഗ്രന്ഥങ്ങൾ ഇവിടെ ഉദ്ധരിക്കാം. മുവത്വ: 1/214, ബുഖാരി 5062, മുസ്ലിം: 1/521, അബൂദാവൂദ്: 1315, തിർമുദി: 3498, ഇബ്നുമാജ: 1160, അഹ്മദ് 7774, ദാരിമി: 1479, ഇബ്നുഹിബ്ബാൻ: 920, ത്വബ്റാനി: 6/159, മുസന്വഫു അബ്ദുറസാഖ്: 19653, ബൈഹഖി: 4427, നസാഇ: 10313, ദാറഖുത്നി: 1733 മാത്രവുമല്ല ഈ ഹദീസ് മുത്വവാതിറായ ഹദീസാണെന്ന് പണ്ഡിതൻമാർ രേഖപ്പെടുത്തിയിട്ടുമുണ്ട് ( തൗളീഹുൽ മഖാസിദ്: 1/413) ഇമാം ദഹബി(رحمه الله) ഈ ഹദീസിന്റെ പരമ്പരകളെ മാത്രം ക്രോഡീകരിച്ച് ഒരു ഗ്രന്ഥം രചിച്ചിട്ടുണ്ട്. ഇമാം ഇബ്നു തൈമിയ്യ (رحمه الله) ക്കും ഈ ഹദീസിന്റെ വിഷയത്തിൽ മാത്രം ഒരു ഗ്രന്ഥമുണ്ട്. അപ്രകാരം തന്നെ പ്രശസ്തരായ ഇരുപതോളം സ്വഹാബികൾ ഈ ഹദീസ് നിവേദനം ചെയ്തിട്ടുണ്ട് എന്നതും ഈ ഹദീസിന്റെ പ്രസക്തിയും സ്വഹാബികൾക്കിടയിലെ പ്രശസ്തിയും അറിയിക്കുന്നു. ഇമാം ഇബ്നു ഖുസൈമ(رحمه الله) തന്റെ 'കിതാബുത്തൗഹീദിൽ' ഈ ഹദീസിനെ കുറിച്ച് സുദീർഘമായി ചർച്ച ചെയ്യുന്നുണ്ട്.

ഇങ്ങനെയുള്ള ഒരു ഹദീസിലാണ് രാത്രിയുടെ അന്ത്യയാമങ്ങളിൽ അല്ലാഹു ഒന്നാം ആകാശ ത്തേക്ക് ഇറങ്ങിവരും എന്ന് വന്നിട്ടുള്ളത്. ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം ഈ കാര്യ ത്തിൽ ഒരു സംശയത്തിനും ഇടമില്ലാത്ത വിധം അവന് വിശ്വസിക്കാവുന്നതാണ്. വിശ്വസിക്കു കയും വേണം അല്ലാഹുവുമായി ബന്ധപ്പെട്ട ഈ സംഗതി സലഫുസ്സ്വാലിഹുകൾ എങ്ങനെ മന സ്സിലാക്കിയോ അങ്ങനെ തന്നെ നാമും മനസ്സിലാക്കണം. അഥവാ, അല്ലാഹു അവന്റെ മഹത്വ ത്തിനും ഉന്നതിക്കും യോജിക്കുന്ന വിധത്തിൽ ഇറങ്ങിവരുമെന്നും അതിന്റെ രൂപം നമുക്കറിയി ല്ലെന്നും സൃഷ്ടികളോട് ഒരു നിലക്കും അത് സാദൃശ്യപ്പെടുകയില്ലെന്നും നാം വിശ്വസിക്കണ മെന്ന് സാരം. പക്ഷെ അല്ലാഹുവിന്റെ റസൂൽ പഠിപ്പിച്ച, സ്വഹാബികൾക്കിടയിൽ ഏറെ പ്രശ സ്തമായ ഈ സംഗതിയുണ്ടോ മടവൂരികൾ അംഗീകരിക്കുന്നു?! നബി(ﷺ) പഠിപ്പിക്കുന്ന കാര്യ ങ്ങൾ ഉൾക്കൊള്ളാൻ മാത്രം ഇവരുടെ ബുദ്ധി ഒരുപക്ഷെ  വികസിച്ചിട്ടുണ്ടാവില്ല. അത് കൊണ്ട്തന്നെ തങ്ങളുടെ പുതിയ ഉസ്താദുമാരായ ക്വുബൂരികളുടെ അടുക്കൽ പോയി ചില മര മണ്ടൻ ചോദ്യങ്ങൾ പഠിച്ച് മനപ്പാഠമാക്കിവെച്ചിരിക്കയാണ് ഇവർ. എന്തിനെന്നല്ലേ? റസൂലുല്ലാ ഹി(ﷺ) പഠിപ്പിച്ച ഈ മുതവാതിറായ ഹദീസിനെ നിഷേധിക്കാൻ. ഇസ്‌ലാമിന്റെ ബാലപാഠമറി യുന്ന ഒരുത്തൻ ചോദിക്കുന്നത് പോയിട്ട്, ചിന്തിക്കുക പോലും ചെയ്യാത്ത അത്ര ഉഗ്രനാണ് മട വൂരി പുരോഹിതൻമാരുടെ ചോദ്യം. മുമ്പ് ഇത്തരം മരമണ്ടൻ ചോദ്യങ്ങൾ ഉന്നയിക്കാൻ ക്വുബൂരികൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇന്നിതാ അവർക്ക്  'ബി' ടീം ഇവിടെ വളർന്നു വന്നി രിക്കുന്നു. അല്ലാഹു ഇറങ്ങി വരുമെന്ന് വഹ്‌യിന്റെ അടിസ്ഥാനത്തിൽ റസൂലുല്ലാഹി(ﷺ) പഠി പ്പിച്ച ഹദീസിനെതിരിൽ  മടവൂരികൾ ഉന്നയിച്ച ചോദ്യം വയനക്കാരൊന്ന് കാണുക. എന്നിട്ട് വിലയിരുത്തുക മടവൂരികൾ എവിടെ എത്തിനിൽക്കുന്നു എന്ന്. അവർ എഴുതുന്നു:

''രാത്രിയുടെ മൂന്നിലൊന്നിന്റെ അവസാന ഭാഗം  നിലനിൽക്കാത്ത ഒരു നിമിഷനേരം ഭൂമിയിൽ ഉണ്ടാവുകയില്ല. ഭൂമി പടിഞ്ഞാറുന്നിന്ന് കിഴക്കോട്ട്  ചലിക്കുകയാണ്. ഒരു  സ്ഥലത്ത് നിന്നും ഈ സമയം അവസാനിക്കുമ്പോൾ തന്നെ മറ്റൊരുസ്ഥലത്ത് ഈ സമയം അനുഭവപ്പെടുന്നു. ഇരുപത്തിനാലു മണിക്കൂറും  ഈ പ്രക്രിയ നടന്നുകൊണ്ടിരിക്കും. അപ്പോൾ ഇറക്കം (നു സൂൽ) എന്നതിന് ഇവർ നൽകുന്ന ബാഹ്യാർത്ഥപ്രകാരം  സിംഹാസനത്തിൽ ആരോഹണം ചെയ്യാൻ അല്ലാഹുവിന് സമയമുണ്ടായിരിക്കുകയില്ല!'' (ശബാബ് 2009 ജൂലൈ 10)

അല്ലാഹുവിൽ അഭയം! നോക്കൂ അല്ലാഹുവിന്റെ ഇറക്കത്തെ മടവൂരികൾ വിലയിരുത്തിയ കോലം! ഭൂമിയുടെ ചലനം മർക്കസുദ്ദഅവയിൽ ഇരുന്ന് ഇവർ കണ്ടെത്തിയതാണെന്ന് തോന്നും ഇവരുടെ സംസാരം കേട്ടാൽ. അല്ലഹാവുന്റെ റസൂൽ(ﷺ) അല്ലാഹുവിന്റെ വഹ്‌യിന്റെ അടിസ്ഥാനത്തിൽ ഈ ഹദീസ് സ്വഹാബികൾക്ക് പഠിപ്പിച്ച് കൊടുക്കുമ്പോൾ ആകാശ ഭൂമി കളെ കുറിച്ചും അതിന്റെ ചലനങ്ങളെ കുറിച്ചും രാപ്പകലുകൾ മാറിമാറി വരുന്നതിനെ കുറിച്ചു മൊന്നും അല്ലാഹുവിന് അറിഞ്ഞിരുന്നില്ല എന്നാണോ മടവൂരികൾ ധരിച്ചിരിക്കുന്നത്?! എങ്കിൽ വല്ലാത്ത കഷ്ടം തന്നെ! ആകാശ ഭൂമികളെയും അവയിലെ ചലനങ്ങളെയും കൃത്യമായി സംവി ധാനിച്ച് സംരക്ഷിച്ച് പോരുന്ന അതേ അല്ലാഹു തന്നെയാണ് തന്റെ പ്രവാചകന് രാത്രിയുടെ അന്ത്യയാമത്തിൽ  അവൻ ഇറങ്ങിവരുമെന്ന് പഠിപ്പിച്ച് കൊടുത്തത്. പിന്നെ മടവൂരികളെന്തിന് ഭൂമിയുടെ ചലനം പറഞ്ഞ് ബേജാറാവണം?! മാത്രവുമല്ല അല്ലാഹു എല്ലാത്തിനും കഴിവുള്ളവ നാണെന്ന് ക്വുർആനിൽ  നാൽപ്പതിലേറെ  തവണ ആവർത്തിച്ച് പഠിപ്പിച്ചത് എന്തേ മടവൂരികൾ കണ്ടിട്ടില്ലേ? അല്ലാഹുവിന്റെ കഴിവിനെപ്പോലും ചോദ്യം ചെയ്യാൻ ധൈര്യം കാണിക്കുന്ന മടവൂ രികളുടെ കാര്യം മഹാകഷ്ടം തന്നെ!

രാത്രിയുടെ അന്ത്യയാമത്തിൽ എന്നു പറഞ്ഞാൽ അങ്ങനെ തന്നെ വിശ്വസിക്കണം. രാത്രിക്ക് പ്രത്യേകതയുള്ളതിനാലാണല്ലോ അങ്ങനെ പറഞ്ഞത്.  ഇല്ലെങ്കിൽ പകലിനെയും പരാമർശിക്കു മായിരുന്നല്ലോ. അതുണ്ടായിട്ടില്ല. അത്കൊണ്ട്തന്നെ ഈ വക മണ്ടൻ ചോദ്യങ്ങൾ ഒരു വിശ്വാ സിയിൽ നിന്ന് ഉയരാൻ പാടില്ല. തലയില്ലാത്ത തലപ്പാവുധാരികൾ എന്തെങ്കിലും പുലമ്പുന്നത് കേട്ട് അതേറ്റുപാടുന്നതിന് മുമ്പ് മടവൂരികൾ ഒന്ന് ആലോചിക്കണമായിരുന്നു. പ്രത്യേകിച്ച് ഇങ്ങനെയുള്ള വിഷയങ്ങളിൽ. പക്ഷെ, ദീനുൽ ഇസ്‌ലാം പൊളിഞ്ഞാലും വേണ്ടില്ല കെ.എൻ. എമ്മിനെ തോൽപ്പിക്കണം എന്ന ചിന്തയുമായി നടക്കുന്നവർക്ക് എവിടെ ആലോചിക്കാൻ സമയം?!

ഇനി, അല്ലാഹു ഇറങ്ങിയാൽ അവന്റെ സിംഹാസനത്തിൽ ആരോഹണം ചെയ്യാൻ അല്ലാഹുവിന് സമയം ഉണ്ടാവില്ല എന്നതാണ് മടവൂരികളുടെ മറ്റൊരു മരമണ്ടൻ ഗവേഷണം. മരമണ്ടൻമാരല്ലാതെ ഇത്തരം ചേദ്യങ്ങൾ ചോദിക്കില്ല. കാരണം സമയം എന്നത് അല്ലാഹുവിന് ബാധകമേ അല്ല. അവൻ സമയ ബന്ധിതനല്ല. അവൻ സമയത്തിന് അതീതനാണ്. അധീനനല്ല. സമയം, ഇന്ന്, നാളെ, എന്നെല്ലാം മനുഷ്യർക്ക് ബാധകമായ സംഗതികളാണ്. ലോകരക്ഷിതാവായ അല്ലാഹുവിന് ഒരിക്കലും അതൊന്നും ബാധകമല്ല. അതിനാൽ 'അല്ലാഹുവിന് സമയമുണ്ടാവില്ല' എന്ന വാചകം തനി വിവരക്കേടാണെന്ന് മാത്രമല്ല അല്ലാഹുവിലുള്ള വിശ്വാസം പോലും മടവൂരികൾ ഇനിയും പഠിച്ചിട്ടില്ല എന്നതിന് ഏറ്റവും വലിയ തെളിവുമാണ്. ഇതൊന്നും പഠിക്കാതെ ദീൻ വിളമ്പാൻ മെനക്കെട്ടതുകൊണ്ടാണ് ഇപ്പോൾ ചിലർക്ക് ഇമാമുമാരെ ഓർമവരാൻ തുടങ്ങുന്നത്.

ചുരുക്കത്തിൽ അല്ലാഹുവിന്റെ റസൂൽ(ﷺ) പഠിപ്പിച്ച അല്ലാഹുവിന്റെ ഒരു സ്വിഫത്തിനെ നിഷേധിക്കാൻ എന്തൊക്കെ മണ്ടത്തരമാണ് മടവൂരികൾ പറഞ്ഞത്. ഒരു വിശ്വാസിയിൽ നിന്ന് ഒരിക്കലും ഉണ്ടായിക്കൂടാത്ത സമീപനമാണിത്. കാരണം, ഈ ഹദീസ് ആദ്യമായി കേട്ട പ്രവാചകന്റെ സ്വഹാബത്ത് ഈ വക ചോദ്യങ്ങളൊന്നും തന്നെ പ്രവാചകനോട് ചോദിച്ചിട്ടില്ല. അവർ അതിനെ എങ്ങനെ ഉൾകൊണ്ട് ചോദ്യം ചെയ്യാതെ അംഗീകരിച്ച് വിശ്വസിച്ചുവോ, അപ്രകാരം അംഗീകരിച്ച് വിശ്വസിക്കൽ നമുക്കും നിർബന്ധമാണ്. എങ്കിൽ മാത്രമേ നമ്മൾ വിശ്വാസികളാവൂ എന്നാണ് അല്ലാഹു പഠിപ്പിക്കുന്നത്. (ക്വുർആൻ:2:137) അതാണ് ഇമാം മാലിക്(رحمه الله) പറഞ്ഞത്: ''അല്ലാഹുവിന്റെ ഇറക്കം എന്ന് പറഞ്ഞത് അറിയപ്പെട്ടതാണ് അതിന്റെരൂപം നമുക്ക് അജ്ഞാതമാണ്. അതിൽ വിശ്വസിക്കൽ നിർബന്ധമാണ്. അതിനെ കുറിച്ച് ചോദിക്കൽ അനാചാരമാണ്''(അഖ്വാലുസ്സികാത്ത് ഫീ തഅ്വീലിൽ അസ്മാഇ വസ്സിഫാത്ത്. 1/201)

ഇത്തരം വിഷയങ്ങളിൽ ചോദ്യങ്ങളുന്നയിക്കാതെ അംഗീകരിക്കലാണ് ഏറ്റവും സുരക്ഷിത മാർഗമെന്ന് ഇമാംബൈഹഖി(رحمه الله) പറഞ്ഞതായി ഇമാം ഇബ്നുഹജർ(رحمه الله) ഉദ്ധരിക്കുന്നുണ്ട്. (ഫത്ഹുൽ ബാരി 3/301)

മാത്രവുമല്ല, ഇപ്പോൾ മടവൂരികൾ ഈ ഹദീസിനെ കുറിച്ച് ചോദിക്കുന്നത് പോലെ, അല്ലാഹുവിന്റെ അർശ് കാലിയാവില്ലേ?, രാപകലുകൾ ഭൂമിയിൽ എല്ലായിടത്തും ഉണ്ടല്ലോ, ഇവിടെ പകലാകുമ്പോൾ അവിടെ രാത്രിയല്ലേ?, തുടങ്ങി പല മരമണ്ടൻ ചോദ്യങ്ങളും ഇതിന് മുമ്പും പല വിഡ്ഢികളും ചോദിച്ചതാണ്. അതിന് മാഹാൻമാരായ പണ്ഡിതൻമാർ വായടപ്പൻ മറുപടിയും കൊടുത്തിട്ടുണ്ട്. ഇമാം ഇബ്നുതീമിയ(رحمه الله) ഇത്തരം സംശയക്കാർക്ക് വായടപ്പൻ മറുപടി നൽകിയത് അദ്ദേഹത്തിന്റെ ഫതാവയിൽ കാണാം.( ഫതാവാ 3/50, 5/231, 376/ എന്നിവ നോക്കുക) ഒരു ഉദാഹരണം മാത്രം കാണുക. അല്ലാഹു ഇറങ്ങും എന്ന് പറയുമ്പോൾ എങ്ങനെ എന്ന് ചോദിക്കുന്നവനോട് നീ ചോദിക്കുക! അല്ലാഹുവിന്റെ രൂപം നിനക്കറിയുമോ എന്ന്. ഇല്ല എന്നാണ് മറുപടിയെങ്കിൽ അവനോട് പറയണം. എങ്കിൽ അവന്റെ ഇറക്കത്തിന്റെ രൂപവും നമുക്കറിയില്ല. (ഫതാവാ. 3/25) ഇമാം ദഹബി(رحمه الله)യും (മുഖതസറുൽ ഉലുവ്വ് 1/48) ഇമാം ദാരിമിയു (നഖ്ളുദാരിമി 1/211)മെല്ലാം ഇത്തരം മണ്ടൻ ചോദ്യങ്ങൾക്ക് വായടപ്പൻ മറുപടി നൽകിയവരാണ്.

**കുറിപ്പുകൾ**

ഒന്ന്: ''അല്ലാഹുവിന്റെ ഇറക്കം, ചിരി, സിഹാസനാരോഹണം മുതലായവയെ കുറിച്ച് നബി(ﷺ)യിൽ നിന്ന് യാതൊരു വിശദീകരണവും വന്നിട്ടില്ല'' (ശബാബ്:2009 ജൂൺ 26)

സബാഷ്!! നബി(ﷺ)ൽ നിന്ന് യാതൊരു വിശദീകരണവും വരാത്ത ഒരു കാര്യത്തെ വിശദീകരിക്കുവാനും വ്യാഖ്യാനിക്കാനും മടവൂരീ പരോഹിതൻമാരെ ആരാണ് നിയോഗിച്ചത് എന്ന് മടവൂരികൾ മാലോകർക്കൊന്ന് പറഞ്ഞു കൊടുക്കണം

രണ്ട്: ''എന്റെ ലേഖനം കൊണ്ട് ഞാൻ ഉദ്ദേശിച്ചിരുന്ന മറ്റൊരു സംഗതി ഇപ്രകാരം മുജാഹിദ് പണ്ഡിതൻമാരെ വിമർശിക്കൽ ഇവരെ കൊണ്ട് നിർത്തിപ്പിക്കുക എന്നതായിരുന്നു''. (ശബാബ് 2009 ആഗസ്ത്: 7)

പൂതി നല്ലതാണ് പക്ഷെ അത് തൽക്കാലം നടപ്പാവില്ല എന്ന് മാത്രം. മടവൂരികളുടെ മത നിഷേധം ജനമദ്ധ്യത്തിൽ തുറന്നുകാട്ടുക എന്നത് മുജാഹിദ് പ്രസ്ഥാനത്തിന്റെ അജണ്ടയാണ്. അത് ഏത് സുല്ലമിമാർ ലേഖനമെഴുതിയാലും നിർത്താൻ പോവുന്ന സംഗതിയല്ല. ഏന്തേ ഒരു പേടി?! ദുനിയാവ് വിട്ട് പരലോകത്തെ ഒന്നു പേടിച്ചുക്കൂടെ?

മൂന്ന്: ''മുജാഹിദുകൾക്കുള്ള മറുപടി മനസ്സിലാക്കാൻ ഉദ്ദേശിക്കുന്നവർ കൊണ്ടോട്ടി വെച്ച് മുജാഹിദുകളും ഖുബൂരികളും തമ്മിൽ നടന്ന സംവാദത്തിന്റെ സിഡികൾ കേട്ടാൽ മതി'' (ശ ബാബ്. ആഗസ്ത് 28)

മുജാഹിദ് പ്രസ്ഥാനത്തിന് ഏതായാലും അല്ലാഹുവിന്റെ തൗഫീഖ് കൊണ്ട് ക്വുബൂരികൾക്ക് മറുപടി പറയാൻ മടവൂരികളുടെ സി. ഡി കേൾക്കേണ്ട ഗതികേട് വന്നിട്ടില്ല. മാത്രവുമല്ല, ഇബ്നുബാസിനെ ഇബ്നു ഹജറാക്കുന്ന മാന്ത്രികവിദ്യ മുജാഹിദുകൾക്കൊട്ടു വശവുമില്ല. മട വൂരിസത്തിലെ മാന്ത്രികൻമാർക്ക് മാത്രം കഴിയുന്ന ഒരൽഭുത വിദ്യയാണത്. അപ്രകാരം തന്നെ ''വഇദാ മസ്സന്നാസു'' എന്ന് അല്ലാഹുവിന്റെ കിതാബിലില്ലാത്ത ആയത്ത് ഓതാനും മുജാഹിദു കൾ പഠിച്ചിട്ടില്ല. അവർ ഫിഅ്ലും ഫാഇലുമൊക്കെ തിരിയുന്നവരാണ്. പിന്നെ, മുജാഹിദുകൾ എവിടെ സംവാദം നടത്തിയാലും അതിന്റെ സി. ഡികൾ മുഴുവനും പുറത്തിറക്കാറുണ്ട്. പക്ഷെ മുജാഹിദുകളുടെ പേരിൽ മടവൂരികൾ നടത്തിയ സംവാദത്തിന്റെ സി. ഡികൾ ഇപ്പോഴും വെളിച്ചം കണ്ടിട്ടില്ല. ക്വുബൂരികളെ ആദർശം കൊണ്ട് എങ്ങനെ നേരിടണമെന്ന് മടവൂരികൾക്ക് പഠിക്കണമെങ്കിൽ മണ്ണാർക്കാട് മുതൽ ആലുവ വരെയുള്ള സംവാദ സി.ഡികൾ കണ്ടാൽ മതി. മുജാഹിദുകളിൽ ഒരൊറ്റ സി. ഡിയും അപ്രത്യക്ഷമായിട്ടില്ല. എല്ലാം വെളിച്ചം കണ്ടിട്ടുണ്ട്.

നാല്: ''സ്വിറാത്ത് പാലം, മീസാൻ, സ്വർഗവും നരകവും സൃഷ്ടിച്ചിട്ടുണ്ടോ, നരകത്തിൽ നിന്നും സർവ്വ പാപികൾക്കും മോചനം ലഭിക്കുമോ? മുതലായ വിഷയങ്ങൾ എടുത്തിട്ട് ''സുല്ലമി''യെ സലഫികളുടെ വൃത്തത്തിൽ നിന്ന് പുറത്താക്കാൻ ശ്രമിക്കുന്നവർ ഇതുകൂടി ഓർക്കുക. ഒന്ന് ബുഖാരിയുടെയും രിയാളുസ്വാലിഹിന്റെയും പരിഭാഷയിൽ ഈ വിഷയ ങ്ങളെ സംബന്ധിച്ച് ഞാൻ എഴുതിയത് അക്ഷരത്തിൽ പോലും വ്യത്യാസമില്ലാതെ കെ.പി. മുഹ മ്മദ് മൗലവി, എ.പി അബ്ദുൽ ഖാദിർ മൗലവി. പി.കെ അലി അബ്ദുറസാഖ് മൗലവി, ഡോ. എം. ഉസ്മാൻ. കുഞ്ഞിമുഹമ്മദ് പറപ്പൂർ, സുഹൈർ ചുങ്കത്തറ മുതലായവർ കൺസൽട്ടിംഗ് അംഗങ്ങളായി യുവത 1995ൽ പ്രസിദ്ധീകരിച്ച ഇസ്ലാം വാല്യം ഒന്ന് വിശ്വാസ ദർശനത്തിലും വന്നിട്ടുള്ളതാണ്. (പേജ്: 1361 മുതൽ വായിക്കുക) (ശബാബ്: 2009 ജൂലൈ 24 . അല്ലാഹുവിന്റെ വിശേഷണങ്ങളെ വ്യാഖ്യാനിക്കൽ എന്ന സുല്ലമിയുടെ ലേഖനം)

സ്വിറാത്ത്, മീസാൻ, സ്വർഗനരകങ്ങളുടെ സൃഷ്ടിപ്പ് എന്നിവയിൽ മടവൂരികളുടെ മുഅ്തസി ലത്ത് 'ഇസ്ലാഹ്' പുറത്ത് വിട്ടത് മടവൂരികളുടെ അണ്ണാക്കിൽ തന്നെ തറച്ചിട്ടുണ്ട്. ക.മ മറു പടി എഴുതാൻ കഴിയുന്നില്ല. പിന്നെ എങ്ങനെ രക്ഷപ്പെടും? അതിന് ഇസ്ലാം വാല്യത്തിലും അതെ അക്ഷരം പ്രതി വന്നിട്ടുണ്ടെന്നും പലപണ്ഡിതൻമാരും അത് പരിശോധിച്ചതാണെന്നു മുള്ള ഒരു നുണ പാസാക്കുക തന്നെ. വേറെ എന്ത് ചെയ്യാൻ?. ഇസ്ലാം വാല്യത്തിന്റെ തലയി ലേക്ക് ചാരി തടി സലാമത്താക്കാൻ ശ്രമിക്കുന്ന സുല്ലമിയോട് ചോദിക്കട്ടെ, സ്വിറാത്ത് ഇല്ല എന്ന് ഇസ്ലാം വാല്യത്തിന്റെ ഏത് പേജിലാണ് ഉള്ളത്? സ്വർഗനരകങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടില്ല എന്ന് ഇസ്ലാം വാല്യത്തിൽ എവിടെയാണ് ഉള്ളത്? മീസാനിനെ വ്യാഖ്യാനിക്കണമെന്ന് ഇസ്ലാം വാല്യത്തിൽ എത്രാമത്തെ പേജിലാണ് ഉള്ളത്? വെറുതെ ആകാശത്തേക്ക് വെടിവെച്ച് രക്ഷപ്പെടാമെന്ന് കരുതിയാൽ അത് നടക്കുന്ന സംഗതിയല്ല. സ്വിറാത്ത് ഇല്ല എന്നാണോ ഇസ്ലാം വാല്യത്തിലുള്ളത് അതല്ല ഉണ്ട് എന്നാണോ? ഏതാണ് സുല്ലമിയുടെ ആദർശം?

സ്വിറാത്ത് ഇല്ല എന്ന പഴയവാദം തന്നെയാണ് ഇപ്പോഴും ഉള്ളത് എങ്കിൽ സുല്ലമി എഡിറ്ററായ നിങ്ങളുടെ ഹദീസ് സമാഹാരത്തിൽ പിന്നെ ഇല്ലാത്ത സ്വിറാത്ത് എങ്ങനെ വന്നു? ഇതൊക്കെ ഒന്ന് വിശദീകരിച്ച് കൊടുക്കൂ. ജനങ്ങളൊന്ന് മനസ്സിലാക്കട്ടെ. എഴുതിയത് തെറ്റിപ്പോയി എങ്കിൽ അത് തുറന്ന് പറയൂ. അതല്ലാതെ അത്തരം ഞഞ്ഞം പിഞ്ഞം മറുപടി മുജാഹിദുകളുടെ മുന്നിൽ വിലപ്പോവില്ല. തെറ്റിനെ ന്യായീകരിച്ച് ഉരുണ്ടുമറിഞ്ഞാൽ മുഖം കൂടുതൽ വൃകൃതമാകുക യേയുള്ളൂ.